

ജ്യേഷ്ഠൻ
ഇടശ്ശേരി

1

# ജ്യേഷ്ഠൻ

**ഇടശ്ശേരി**

അനഭിജാതനായിരുന്നു മുരളി. മീനു അയാളുടെ ഏകസഹോദരിയും. ദാരിദ്ര്യശുഷ്കമെങ്കിലും സ്നേഹസമൃദ്ധമായ ചെറുകുടിലിൽ അവൾ ഒരു പൂമ്പാറ്റപോലെ ഹൃദയലാഘവവും ഉല്ലാസവും പൂണ്ട് പാറിക്കളിച്ചു. എന്തിനെന്നറിയാതെ ഇടയ്ക്ക് നെടുവീർപ്പിടുകയും മ്ലാനമുഖനാകുകയും ചെയ്യുന്ന ജ്യേഷ്ഠനെ അവൾ ആടിയും പാടിയും ഉന്മേഷപ്പെടുത്തി. ക്രമേണ അവളും വിചാരത്തിലാണ്ടു - എന്താണ് ജ്യേഷ്ഠനൊരു ദുഃഖം? ദാരിദ്ര്യമാണോ? അതൊരു പുതിയ കാരണമല്ല. പിന്നെ? അവൾ കണ്ടുപിടിച്ചു - ജ്യേഷ്ഠൻ അദ്ദിക്കിലെ വലിയൊരു പണക്കാരനായ നാരായണമേനോന്റെ മകൾ ശാന്തയിൽ അനുരക്തനാണ്. മീനുവിന്റെ ഹൃദയം നിറഞ്ഞു. അവൾ ആടുകയും പാടുകയും ചെയ്തു. അവൾക്ക് ശാന്തയെ ഇഷ്ടമായിരുന്നു. പ്രഭുസാധാരണമായ ഡംഭില്ലാത്തവളും സ്നേഹമയിയുമാണ് ശാന്ത, അവൾ ഇടയ്ക്കും തലയ്ക്കും തങ്ങളുടെ കൊച്ചുഗൃഹത്തിലേക്ക് കയറിവരുന്നുണ്ട്. ക്ഷേമം അന്വേഷിക്കുന്നുണ്ട്, ചില്ലറ സഹായങ്ങൾ ചെയ്യുന്നുണ്ട്. അവൾ പിന്നേയും കണ്ടുപിടിച്ചു ശാന്ത മുരളിയിൽ അനുരക്തയാണ്! മതി, ആ കൊച്ചു ഹൃദയം നിറഞ്ഞു തുളുമ്പി. അവൾ സ്വയം ആഹ്ലാദിച്ചു. ചാടുവാക്യങ്ങളാൽ ആ തരുണയുഗ്മത്തെ ആഹ്ലാദിപ്പിച്ചുകൊണ്ട് ഭാവിയുടെ തിളച്ച ലാവ കൊടുമുടിയെ പിളർന്നുകൊണ്ടിരിക്കുന്നതറിയാതെ സാനുവിൽ തുള്ളിച്ചാടുന്ന മാൻകിടാവിനോടൊപ്പം, അവിടെ വിഹരിച്ചു. മുരളി അസ്താശനായി ആത്മഹത്യയ്ക്കൊരുങ്ങുകയാണ്, പ്രേമവഞ്ചിതനായിട്ടല്ല, മേലേക്കിട സമുദായത്തിന്റെ അസദാചാരപരമായ ജീവിതത്തിലുണ്ടായ പടുമുളയായ താൻ സ്വന്തം സഹോദരിയിലാണ് പ്രണയബദ്ധനായതെന്ന്, തന്റെ ജന്മദാതാവ് ശാന്തയുടെ പിതാവാണെന്ന്, അയാൾ മനസ്സിലാക്കുന്നു! ഒരൊറ്റക്കാര്യത്തിലേ ഇനിയൊരു തീരുമാനമെടുക്കാനുള്ളു; തന്റെ നിഷ്ക്രമണത്തോടുകൂടെ അവലംബശൂന്യമായിത്തീരുന്ന മീനുവിന്റെ ജീവിതം! ആ നിഷ്കളങ്കയെ ഒരു പടുവേശ്യയാക്കി മാറ്റാൻ മാത്രം പോരുന്ന സാമൂഹികപരിതഃസ്ഥിതികൾ അയാളെ തുറിച്ചു നോക്കിനിന്നു. അല്പം മുമ്പാണ് പ്രഭാകരൻ എന്ന ഒരു കമ്പനിമാനേജരുടെ നീചദൃഷ്ടിയിൽനിന്നവളെ രക്ഷിക്കാൻ തനിക്കു കയ്യോങ്ങേണ്ടിവന്നത്. ശാന്തയുടെ കാമുകവേഷം കെട്ടിനടന്നതിന് അവളോട് കിട്ടിയ ചുട്ട ആട്ട് തുടയ്ക്കാൻ അയാൾ എളുപ്പം കണ്ടെത്തിയതായിരുന്നു റോസാപ്പൂപോലെ അരുണ നിർമലമായ മീനുവിന്റെ പാണികൾ. വയ്യ, സമുദായത്തിന് ഒരു വേശ്യയെക്കൂടി സമ്മാനിക്കാൻ. ഇനിയുമിനിയും സ്വന്തം സഹോദരിമാരിൽ പ്രേമബദ്ധരായിത്തുലയുന്ന മുരളിമാരെ സൃഷ്ടിക്കാൻ, അനുവദിച്ചുകൂടാ - അയാൾ തീർച്ചപ്പെടുത്തി. ഒരു ഗ്ലാസ് ചെങ്ങിയവെള്ളം ആ മേശപ്പുറത്തിരുന്നു രക്തദാഹമുള്ള പുഞ്ചിരി പൊഴിക്കുകയാണ്.

ക്ഷോഭകലുഷമായ മുരളിയുടെ മുഖം മീനുവിനെ പരിഭ്രാന്തയാക്കി. അവൾ പതിവുപോലെ ജ്യേഷ്ഠനെ ലഘുചിത്തനാക്കാൻവേണ്ടി പാടി നോക്കി. പക്ഷേ, ഇടയ്ക്കുവെച്ച് ആ വേണുഗാനം തകർന്നുപോകുന്നു. മനസ്സിലാകുന്നില്ലെങ്കിലും, ജന്തുസഹജമായ വാസനാവിശേഷത്താൽ ആസന്നമായ സർവസ്വനാശത്തിന്റെ കരിനിഴൽ ആ നിർമലാത്മാവിൽ പതിഞ്ഞിരിക്കണം. ദാഹവിവശയായ ആ കൊച്ചു പെങ്ങൾക്ക് മുരളി സ്വന്തം കൈകൊണ്ടുതന്നെ മേശപ്പുറത്തിരിക്കുന്ന ഗ്ലാസിലെ മാരകപാനീയം എടുത്തു കുടിക്കാൻ കൊടുക്കുന്നു. തന്റെ സർവസ്വമായ ജ്യേഷ്ഠന്റെ കൈയിൽനിന്ന് സവിശ്വാസം ആ ജീവിതസുധ വാങ്ങി പാതിയും കുടിച്ച്, കാണെക്കാണെ കൗതുകം ചേർപ്പതെങ്കിലും ദുർജ്ഞേയമായ ഈ പ്രപഞ്ചത്തിൻ നേർക്ക് വിരിഞ്ഞിരുന്ന ആ കണ്ണുകൾ താനേ കൂമ്പുന്നു.

സ്വന്തം ഗൃഹത്തിൽ പിതാവിനാൽ തടവിലിടപ്പെട്ടിരുന്ന ശാന്ത മുരളിയുമൊത്തുള്ള ഭാവിജീവിതത്തെ മാത്രം കാംക്ഷിച്ച് മറ്റെല്ലാം ത്യജിച്ച് തടവു ചാടി ആ കുടിലിൽ എത്തുകയാണ്. കട്ടിലിൽ വെറുങ്ങലിച്ചു കിടക്കുന്ന മീനുവിനെ അവൾ കണ്ടു. 'ഉണർത്തരുത്, അവൾ ഉറങ്ങട്ടെ', മുരളി പറഞ്ഞു. എന്നിട്ട്, തളർന്നുകഴിഞ്ഞ ആ മനുഷ്യൻ അനുജത്തി ദാഹം മാറ്റി ബാക്കി വെച്ച ആ ചെങ്ങിച്ച വെള്ളം ശാന്തയുടെ കൈകൊണ്ട് വാങ്ങി ഈ ജീവിതത്തിലെ തന്റെ അവസാനിക്കാത്തതായ തേങ്ങലുകളെ അതുകൊണ്ട് അമർത്തിക്കളഞ്ഞു.

ശാന്തയെ പിടികൂടാനായി പിന്നാലെ എത്തിയ അച്ഛൻ നാരായണമേനോൻ തന്റെ കാമചാരിത്വത്തിന്റെ ഫലമായി പിൻതലമുറ എന്തായിത്തീർന്നുവെന്ന് നോക്കിക്കാണുകയാണ്!

നാടകാവസാനത്തിൽ എല്ലാ പ്രേക്ഷകരും തനതു ജീവിതത്തെ മുൻനിർത്തി ഒരാത്മപരിശോ





ധന ചെയ്യത്തക്കവിധം അത്രയും ശക്തിമത്താണ് ഈ പര്യവസാനം. കാഥികനായ എൻ. ഗോവിന്ദൻകുട്ടി എഴുതിയതും കോയമ്പത്തൂർ കേരള ക്ലബ്ബുകാർ ഇക്കഴിഞ്ഞ ഓണാഘോഷവേളയിൽ അരങ്ങേറ്റിയതുമായ നാടകത്തിന്റെ സാമാന്യരൂപമാണ് മേൽച്ചേർത്തത്. നാടകകർത്താവുതന്നെയാണ് മുരളിയുടെ ഭാഗം അഭിനയിച്ചത്. ‘ചക്രവാളം’ തുടങ്ങിയ നാടകങ്ങളിലൂടെ ഗോവിന്ദൻകുട്ടിയുടെ അഭിനയം നമുക്കു പരിചിതമാണല്ലോ. കഥാനായികയായ ശാന്തയെ അധഃകരിച്ചുകൊണ്ട് കൊച്ചനുജത്തിയായ മീനു സദസ്സിന്റെ മുക്തകണ്ഠമായ പ്രശംസയ്ക്ക് പാത്രമായി. കുമാരി ബിയാട്രിയസ് ഇലഞ്ഞിക്കൽ ആണ് മീനുവിന്റെ ഭാഗം അഭിനയിച്ചത്. കളിമ്പക്കാരിയായ ആ പെൺകിടാവ് കേരളീയ നാടകവേദിയിലേയ്ക്ക് പറന്നെത്തുന്ന ഒരു കൊച്ചനുഗ്രഹമാണെന്ന് നിസ്സംശയം പറയാം. ഗോവിന്ദൻകുട്ടിയുടെ നാടകം ആ ഒരു കഥാപാത്രത്തെ കേന്ദ്രമാക്കിക്കൊണ്ടല്ലാതെ ഓർമിക്കാൻ വയ്യാതായിട്ടുണ്ട്; അത്രയ്ക്കും ഹൃദയസ്പർശിയും അവിസ്മരണീയവുമായിരുന്നു ബിയാട്രിസ്സിന്റെ അഭിനയചാതുര്യം. ശാന്തയുടെ ഭാഗം അഭിനയിച്ച കുമാരി തങ്കമണി, പ്രഭാകരന്റെ വേഷമെടുത്ത ആർ.സി. ശേഖർ, അച്ഛനായ കെ.എ. നായർ, വേലക്കാരൻ ആയ എം.വി. ജോസഫ് ഇവരൊക്കെയും ഏറ്റവും തന്മയത്വത്തോടുകൂടിത്തന്നെ അഭിനയിച്ചു. വിശേഷിച്ചും ആർ.സി. ശേഖർ, അർധവിദൂഷകത്വം കലർന്ന തനി വിടനായ പ്രഭാകരന്റെ ഭാഗം അഭിനയിച്ചത് സ്തുത്യർഹമായ വിധത്തിലാണ്.

മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഒക്ടോബർ, 4, 1953, പു. 33.
എൻ ഗോവിന്ദൻകുട്ടിയുടേ ‘ജ്യേഷ്ഠൻ’ എന്ന നാടകത്തെക്കുറിച്ച് ലഘുനിരൂപണം